# ഹജ്ജ് സബ്സിഡിയുടെ യാഥാർഥ്യം

**ഹജ്ജ്** സബ്സിഡി ഒരിക്കൽ കൂടി സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. മുൻ എം.പി പ്രഫുൽ ഗോർഡിയയാണ് പുതിയ ഹരജിക്കാരൻ. 1959-ലെ ഹജ്ജ് കമ്മിറ്റി ആക്ട് ഭരണഘടനക്കും മതനിരപേക്ഷതക്കും വിരുദ്ധമാണെന്നും ഈ ആക്ടനുസരിച്ച് സർക്കാർ വർഷാന്തം 270 കോടി രൂപ ചെലവഴിക്കുന്നുവെന്നുമാണ് പ്രഫുലിന്റെ പരാതി. ഹൈന്ദവ-ക്രൈസ്തവ മതവിഭാഗങ്ങൾക്കൊന്നുമില്ലാതെ മുസ്‌ലിംകൾക്കു മാത്രം നൽകിവരുന്ന ഈ സബ്സിഡി, നികുതിദായകരുടെ പണം ധൂർത്തടിക്കലാണ്. അതിനാൽ ഈ ഇനത്തിൽ സർക്കാർ ഇതുവരെ ചെലവഴിച്ച പണമത്രയും നികുതിദായകർക്ക് തിരിച്ചുകൊടുക്കണമെന്നും ഹരജിക്കാരൻ വാദിക്കുന്നു.

മുൻകാലങ്ങളിലെന്നപോലെ ഈ ഹരജിയും കോടതി ഫയലിൽ സ്വീകരിച്ച് സർക്കാറിന് നോട്ടീസ് അയച്ചു. സർക്കാർ മറുപടി സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. അതിന്റെ സംഗ്രഹമിതാണ്: 'മതനിരപേക്ഷതയെ ഒരു തരത്തിലും ബാധിക്കുന്ന നടപടിയല്ല ഹജ്ജ് സബ്സിഡി. രാജ്യത്തിന്റെ വിദേശനയത്തിന്റെ ഭാഗമാണത്. അറബ് നാടുകളുമായി, വിശേഷിച്ചും സുഊദി അറേബ്യയുമായി മെച്ചപ്പെട്ട ബന്ധം നിലനിർത്തുകയാണ് അതിന്റെ ലക്ഷ്യം. മതപരമായ യാത്രകൾക്കു വേണ്ടി മുസ്‌ലിംകൾക്കു മാത്രമേ സർക്കാർ സഹായം ചെയ്യുന്നുള്ളൂ എന്ന ഹരജിക്കാരന്റെ വാദവും ശരിയല്ല. അമർനാഥ്, കൈലാസം, മാനസസരോവർ തുടങ്ങിയ കേന്ദ്രങ്ങളിലേക്കുള്ള തീർഥാടകർക്കും സർക്കാർ ഗണ്യമായ തുക ചെലവഴിച്ചുവരുന്നുണ്ട്. പാകിസ്താനിലെ പുണ്യ സ്ഥലങ്ങൾ സന്ദർശിക്കുന്ന ഹിന്ദു-സിഖ് തീർഥാടകർക്കും ചെലവേറിയ സഹായങ്ങൾ ചെയ്തുവരുന്നു.'

സബ്സിഡി നിരോധനം ആവശ്യപ്പെട്ടുകൊണ്ട് എത്രയോ തവണയായി സംഘ്പരിവാർ കോടതി കയറുന്നു. ചില കോടതികളിൽനിന്ന് അനുകൂല വിധി നേടിയിട്ടുമുണ്ട്. പക്ഷേ ഇതുവരെ സബ്സിഡി നിർത്തലാക്കുന്നതിൽ വിജയിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഹജ്ജ് സീസൺ ആഗതമാകുമ്പോഴൊക്കെ അവർ മുറവിളി ആവർത്തിച്ചുകൊണ്ടിരിക്കുന്നു. പൊതുസമൂഹത്തിൽ മുസ്‌ലിം വിരോധം വളർത്തുകയും മുസ്‌ലിംപ്രീണനം ആരോപിച്ച് സർക്കാറിനെ പ്രതിക്കൂട്ടിലാക്കുകയുമാണ് ലക്ഷ്യം. അതിനാൽ ഇതര മതവിഭാഗ ചടങ്ങുകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സർക്കാർ സഹായങ്ങളൊന്നും ഇക്കൂട്ടർക്ക് ഒരിക്കലും പ്രശ്നമാകാറില്ല.

ഹജ്ജ് സബ്സിഡി മുസ്‌ലിം സമുദായത്തിനു ലഭിക്കുന്ന ഒരു ഔദാര്യമൊന്നുമല്ല. അവരവരുടെ മതം ആചരിക്കാൻ ഇന്ത്യൻ ഭരണഘടന എല്ലാവർക്കും സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഈ സ്വാതന്ത്ര്യം പ്രായോഗികതലത്തിൽ അനുഭവിക്കാനുള്ള സാഹചര്യം ലഭിക്കേണ്ടത് എല്ലാ മതവിഭാഗങ്ങളുടെയും അവകാശവും അത് ഒരുക്കിക്കൊടുക്കേണ്ടത് ഗവൺമെന്റിന്റെ ബാധ്യതയുമാണ്. ഈ അവകാശം തീർച്ചയായും മുസ്‌ലിംകൾക്കുമുണ്ട്. സബ്സിഡിവിരോധികൾ പറയുന്നതു കേട്ടാൽ തോന്നുക, സർക്കാർ പണം കൊടുത്ത് മുസ്‌ലിംകളെ ഹജ്ജിന് അയക്കുന്നുവെന്നാണ്. അവർ ഒരു കാര്യം അറിഞ്ഞിരിക്കേണ്ടതുണ്ട്. സർക്കാർ സബ്സിഡി കൊണ്ടല്ല വിശ്വാസികൾ ഹജ്ജിന് പോകുന്നത്; ഹജ്ജ് ശാരീരികമായും സാമ്പത്തികമായും ശേഷിയുള്ളവരുടെ മതപരമായ ബാധ്യതയായതുകൊണ്ടാണ്. സർക്കാർ സബ്സിഡി നൽകിയില്ലെങ്കിലും അത് മുറപോലെ നടക്കും- ഇടങ്കോലിടാതിരുന്നാൽ മാത്രം മതി. സ്വന്തം കഴിവുകൊണ്ട് നിർവഹിക്കേണ്ട ഹജ്ജ് തീർഥാടനത്തിന് സർക്കാർ സബ്സിഡി സ്വീകരിക്കുന്നത് അനുചിതമെന്ന് ചിന്തിക്കുന്നവർ മുസ്‌ലിംകളിൽ തന്നെയുണ്ട്. ഹജ്ജ് കമ്മിറ്റി മുഖേന പോകുന്ന ഹാജിമാർക്കേ സബ്സിഡിയുള്ളൂ. വർഷാന്തം ഒരു ലക്ഷത്തോളം പേർ കമ്മിറ്റി മുഖേന പോകുമ്പോൾ അര ലക്ഷത്തോളം പേർ യാതൊരു സബ്സിഡിയുമില്ലാതെ, സ്വകാര്യ ഏജൻസികളിലൂടെയും പോകുന്നുണ്ട്.

വാസ്തവത്തിൽ ഹജ്ജ് സബ്സിഡിയിലൂടെ മുസ്‌ലിംകൾ പറ്റിക്കപ്പെടുകയാണ്. പ്രത്യക്ഷത്തിൽ അത് സർക്കാർ മുസ്‌ലിംകൾക്ക് ഉണ്ടാക്കിക്കൊടുക്കുന്ന ലാഭമായി തോന്നാമെങ്കിലും നേരെ മറിച്ചാണ് യാഥാർഥ്യം. സബ്സിഡി കൊണ്ട് ഹജ്ജ് വളരുകയല്ല; ഹജ്ജ് കൊണ്ട് സർക്കാറിന്റെ വിമാനക്കമ്പനികൾ വളരുകയാണ്. ഹജ്ജില്ലെങ്കിൽ സർക്കാറിന്റെ എയർ സർവീസാണ് പ്രതിസന്ധിയിലാവുക; മുസ്‌ലിംകളല്ല . മുസ്‌ലിംകൾക്കല്ല, അവക്കാണ് സബ്സിഡിയും പിന്നെ തീർഥാടകരിൽനിന്ന് ഈടാക്കുന്ന ടിക്കറ്റ് ചാർജും ലഭിക്കുന്നത്. സബ്സിഡിയുടെ പേരിൽ സർക്കാറും എയർ ഇന്ത്യയും ഹജ്ജ് ഫ്ളൈറ്റുകൾ അവരുടെ കുത്തകയാക്കിയിരിക്കുകയാണ്. ഹജ്ജ് കാലത്ത് ഇന്ത്യയിൽനിന്ന് ജിദ്ദയിലേക്കുള്ള വിമാനക്കൂലി മറ്റു നാളുകളിലേതിന്റെ ഇരട്ടിയാക്കി വർധിപ്പിക്കുന്നു. എന്നിട്ട് വർധിപ്പിച്ച തുക ഹജ്ജ് തീർഥാടകർക്ക് ഔദാര്യപൂർവം ഒഴിവാക്കിക്കൊടുക്കുന്നു. ഇതാണ് കൊട്ടിഘോഷിക്കപ്പെടുന്ന 'സബ്സിഡി'.

ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും ധാരാളം വിമാനക്കമ്പനികളുണ്ട്. യാത്രക്കാരെ കിട്ടാൻ പുതിയ പുതിയ ആനുകൂല്യങ്ങളും സൗകര്യങ്ങളും പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണവ. ബൾക്ക് ടിക്കറ്റിംഗിന് എല്ലാ കമ്പനികളും വമ്പിച്ച ഇളവുകൾ നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ, ഒരു ലക്ഷത്തി പതിനായിരം തീർഥാടകരെ ഇന്ത്യയിൽനിന്ന് ജിദ്ദയിലേക്കും തിരിച്ചും കൊണ്ടുവരുന്നതിന് ഇന്റർനാഷ്നൽ ടെണ്ടർ വിളിക്കാൻ സർക്കാർ ഹജ്ജ് കമ്മിറ്റിയെ അനുവദിക്കുമോ? എങ്കിൽ സബ്സിഡി എന്ന ഔദാര്യമില്ലാതെ തന്നെ സർക്കാറിന്റേതിനേക്കാൾ കുറഞ്ഞ നിരക്കിൽ തീർഥാടകർക്ക് യാത്ര ചെയ്യാനാകും. പക്ഷേ, മുസ്‌ലിംകളുടെ ഈ നിർദേശത്തിൽനിന്ന് സർക്കാർ മുഖം തിരിക്കുകയാണ്. കാരണം അത് അനുവദിച്ചാൽ സർക്കാറിന്റെ വിമാനക്കമ്പനികൾ പാപ്പരായിപ്പോകും. ഇല്ലെങ്കിൽ, ഹജ്ജ് സബ്സിഡി സഹിക്കാനാവാത്തവർ കോടതികളിലേക്ക് ഓടുന്നതിനു പകരം ഹജ്ജ് യാത്രക്ക് ഇന്റർനാഷ്നൽ ടെണ്ടറിലൂടെ വിമാനങ്ങൾ വാടകക്കെടുക്കാൻ അനുവദിക്കണമെന്ന മുസ്‌ലിംകളുടെ ആവശ്യത്തെ പിന്തുണക്കുകയാണ് വേണ്ടത്. അവരുടെ ഉദ്ദേശ്യം ശുദ്ധമല്ല. അത് മതവിദ്വേഷത്താൽ മലീമസമാണ്. ഗവൺമെന്റിന്റെ ഉദ്ദേശ്യവും ശുദ്ധമല്ല.  ആണെങ്കിൽ ഹജ്ജ് സബ്സിഡിയുടെ യാഥാർഥ്യം കോടതിയിൽ തുറന്നു കാണിക്കപ്പെടുമായിരുന്നു. അറബ് നാടുകളുമായി മെച്ചപ്പെട്ട ബന്ധം നിലനിർത്താനാണ് ഹജ്ജ് സബ്സിഡി എന്ന സർക്കാർ വാദത്തിൽ കള്ളക്കളിയില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സബ്സിഡി ഒരുതരം പ്രീണനം തന്നെ എന്നു സമ്മതിക്കുകയല്ലേ സർക്കാർ ചെയ്തിരിക്കുന്നത്? സിക്കുകാരെ പാക് ഗുരുദ്വാരകൾ സന്ദർശിക്കാൻ സഹായിക്കുന്നത് പാകിസ്താനുമായി നല്ല ബന്ധമുണ്ടാക്കാനാണോ? ജപ്പാൻ, തായ്‌ലന്റ് തുടങ്ങിയ ബൗദ്ധരാഷ്ട്രങ്ങളുമായി ബന്ധം മെച്ചപ്പെടുത്താനാണോ തിബത്തിലേക്കുള്ള തീർഥാടകർക്ക് സഹായം നൽകുന്നത്? ഒരു ജനാധിപത്യ ഗവൺമെന്റ് അതിന്റെ പൗരന്മാരുടെ ന്യായമായ അവകാശം വകവെച്ചു കൊടുക്കുന്നത് ഏതെങ്കിലും വിദേശ രാജ്യത്തെ പ്രീണിപ്പിക്കാനാണ് എന്നുവരുന്നത് തീർച്ചയായും ഉത്കണ്ഠാജനകമാണ്. ■